Malappuram District Police

## 29/06/2018 പാണ്ടിക്കാട്

നടന്നുപോവുകയായിരുന്ന സ്ത്രീയെ ബൈക്കിൽവന്ന് തടഞ്ഞ് നാലുപവന്റെ മാല കവർന്ന സംഭവത്തിൽ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു.

കീഴാറ്റൂർ കൊണ്ടിപറമ്പ് സ്വദേശികളായ മുതിരക്കുളവൻ മുഹമ്മദ് അൻസാർ, തോരക്കാട്ടിൽ ഷഫീഖ് എന്നിവരെയാണ് പാണ്ടിക്കാട് സി.ഐ. കെ. അബ്ദുൾ മജീദിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. വാഹന പരിശോധനക്കിടെയാണ് ഇവർ പിടിയിലായത്.

പ്രതികളിൽ നിന്ന് നാലുപവന്റെ മാല കണ്ടെടുത്തു. രണ്ടുദിവസം മുമ്പാണ് അരിക്കണ്ടംപാക്ക് - ചെമ്മന്തട്ട റോഡിലൂടെ നടന്നുവരികയായിരുന്ന സ്ത്രീയെ റോഡിൽ തടഞ്ഞ് അക്രമിക്കുകയും മാരകായുധങ്ങൾ കാട്ടി ഭീഷണിപ്പെടുത്തിയും സ്വർണമാല കവർന്നത്. അൻസാർ മുമ്പ് കഞ്ചാവ് കൈവശം വെച്ച കേസിൽ പാണ്ടിക്കാട് പോലീസിന്റെ പിടിയിലായിരുന്നു. പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. ക്രൈം സ്ക്വാഡ് അംഗങ്ങളായ പി.കെ. അബ്ദുൽസലാം, വി. മൻസൂർ, ഫാസിൽ കുരിക്കൾ, സക്കീർ, ഹാരിസ്, ജോർജ് എന്നിവരാണ് പോലീസ് സംഘത്തിലുണ്ടായിരുന്നത്.